**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 464** **24-03-2025 - ൽ മറുപടിയ്ക്ക്**

**സമഗ്ര ഇന്റർനെറ്റ് ശൃംഖല രൂപപ്പെടുത്തുന്നതിന് കെ-ഫോൺ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഐ. ബി. സതീഷ്,<br>ഡോ. കെ. ടി. ജലീൽ,<br>ശ്രീ. കെ.വി.സുമേഷ്,<br>ശ്രീമതി ശാന്തകുമാരി കെ. | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സമഗ്ര ഇന്റർനെറ്റ് ശൃംഖല രൂപപ്പെടുത്തുന്നതിൽ കെ-ഫോൺ വഹിക്കുന്ന പങ്ക് സർക്കാർ അവലോകനം ചെയ്തിട്ടുണ്ടോ; അറിയിക്കുമോ; | (എ) | സമഗ്രമായ ഇന്റർനെറ്റ് ശൃംഖല രൂപപ്പെടുത്തുന്നതിൽ കെ-ഫോണിന് പ്രധാന പങ്ക് വഹിക്കാൻ സാധിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ട്. 30,272 കിലോമീറ്റർ ഫൈബർ ഒപ്റ്റിക് കേബിൾ നിലവിൽ പൂർത്തീകരിച്ചിട്ടുണ്ട്. ഐ.എസ്.പി.ബി. ലൈസൻസ്, ഇൻഫ്രസ്ട്രക്ചർ പ്രൊവൈഡർ 1 സർട്ടിഫിക്കേഷൻ, എൻ.എൽ.ഡി (നാഷണൽ ലോങ്ങ് ഡിസ്റ്റൻസ്സ്) ലൈസൻസ് എന്നിവ കെ-ഫോണിന് ലഭിച്ചിട്ടുണ്ട്. കൊച്ചി ഇൻഫോപാർക്കിൽ സജ്ജമാക്കിയ നെറ്റ്വർക്ക് ഓപ്പറേറ്റിങ്ങ് സെന്ററാണ് കെ-ഫോണിന്റെ പ്രധാന കേന്ദ്രം. ഇവിടെ നിന്നും 375 കെ.എസ്.ഇ.ബി സബ് സ്റ്റേഷനുകളിലുള്ള പോയിന്റ് ഓഫ് പ്രസൻസ് (POP) കേന്ദ്രങ്ങൾ വഴിയാണ് കേരളത്തിലുടനീളം വിവിധ സ്ഥാപനങ്ങളിലും വീടുകളിലും ഇന്റർനെറ്റ് ലഭ്യമാക്കുന്നത്. നെറ്റ്വർക്ക് ഓപ്പറേറ്റിംഗ് സെന്ററിൽ നിന്ന് 14 കോർ പോപ്പ് കേന്ദ്രങ്ങളിലേക്കും അവിടെ നിന്ന് 94 റിങ്ങ് അഗ്രിഗേഷൻ നെറ്റ്വർക്ക് വഴി 186 പ്രീ അഗ്രിഗേഷൻ റിങ്ങ് നെറ്റ്വർക്കിലേക്കും അവിടെ നിന്ന് 81 സ്പർ കേബിൾ കണക്ഷൻ കേന്ദ്രങ്ങളിലേക്കും വിന്യസിച്ചിരിക്കുന്ന വിപുലമായ നെറ്റ്വർക്ക് സിസ്റ്റം വഴിയാണ് ഇന്റർനെറ്റ് സേവനങ്ങൾ നൽകുന്നത്. ഇതിനോടകം 23,960 സർക്കാർ ഓഫീസുകളിൽ/ സ്ഥാപനങ്ങളിൽ കെ-ഫോൺ കണക്ഷനുകൾ നൽകിയിട്ടുണ്ട്. ബാക്കി സ്ഥാപനങ്ങളിൽ കണക്ഷൻ നൽകുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചുവരികയാണ്. വാണിജ്യ അടിസ്ഥാനത്തിൽ 50,390 ഫൈബർ ടു ദ ഹോം (എഫ്.ടി.ടി.എച്ച്) കണക്ഷനുകൾ നൽകിയിട്ടുണ്ട്. ഇതിന് പുറമേ കോർപ്പറേറ്റ് സ്ഥാപനങ്ങൾക്കും, സ്മോൾ & മീഡിയം എന്റർപ്രൈസസുകൾക്കുമായി |

| | | | |
|---|---|---|---|
| | | | 212 ഇന്റർനെറ്റ് ലീസ് ലൈൻ കണക്ഷനുകളും നിലവിലുണ്ട്. 6307 കിലോമീറ്റർ ഡാർക്ക് ഫൈബർ വാണിജ്യ അടിസ്ഥാനത്തിൽ ഏഴ് ഉപഭോക്താക്കൾക്കായി നൽകിയിട്ടുണ്ട്. |
| (ബി) | ഡിജിറ്റൽ വിടവ് പരിഹരിക്കുന്നതിലും പാർശ്വവൽകൃത ജനസമൂഹത്തിനുവരെ ഇന്റർനെറ്റ് സൗകര്യങ്ങൾ ലഭ്യമാക്കുക എന്ന സർക്കാരിന്റെ ലക്ഷ്യം സാക്ഷാത്കരിക്കുന്നതിലും കൈവരിച്ചിട്ടുള്ള പുരോഗതി വ്യക്തമാക്കാമോ; | (ബി) | സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന കുടുംബങ്ങൾക്ക് സൗജന്യമായി ഇന്റർനെറ്റ് കണക്ഷനുകൾ സംസ്ഥാന സർക്കാർ കെ-ഫോൺ മുഖേന നൽകിവരുന്നുണ്ട്. തദ്ദേശ സ്ഥാപനങ്ങൾ ലഭ്യമാക്കിയ ഗുണഭോക്താക്കളുടെ പട്ടികയിൽ ഉൾപ്പെട്ട 5,237 കുടുംബങ്ങൾക്ക് ഇതുവരെ സൗജന്യ കണക്ഷനുകൾ നൽകി. പുതിയ സൗജന്യ കണക്ഷൻ ലഭ്യമാക്കാൻ ഓൺലൈനായി അപേക്ഷിക്കാനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. മഞ്ഞ അല്ലെങ്കിൽ പിങ്ക് നിറത്തിലുള്ള റേഷൻ കാർഡുള്ളവർക്ക് സൗജന്യ കണക്ഷനായി നേരിട്ട് അപേക്ഷിക്കാവുന്നതാണ്. ആദ്യം അപേക്ഷിക്കുന്നവർക്ക് ആദ്യം എന്ന രീതിയിലാണ് സേവനങ്ങൾ നൽകി വരുന്നത്. ഇപ്രകാരം സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന കൂടുതൽ കുടുംബങ്ങൾക്ക് കണക്ഷൻ നൽകാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. കെ-ഫോൺ സേവനങ്ങൾ നിലവിൽ ലഭ്യമായിട്ടുള്ള പ്രദേശങ്ങളിൽ വേഗത്തിൽ കണക്ഷൻ നല്കാൻ സാധിക്കും. ഇതിനു പുറമേ കമ്പനികളുടെ സിഎസ്ആർ ഫണ്ടുകൾ ഉപയോഗപ്പെടുത്തി ട്രൈബൽ മേഖലയിലെ കുടുംബങ്ങൾക്കായി സൗജന്യമായി ഇന്റർനെറ്റ് സേവനം നൽകിവരുന്നുണ്ട്. തിരുവനന്തപുരം ജില്ലയിലെ കോട്ടൂരിൽ 103 കുടുംബങ്ങളിലും പാലക്കാട് ജില്ലയിലെ അട്ടപ്പാടിയിൽ 300 കുടുംബങ്ങളിലും ഇതിനോടകം ഇത്തരത്തിൽ കണക്ടിവിറ്റി നൽകിക്കഴിഞ്ഞു. |
| (സി) | ഇന്റർനെറ്റ് കണക്ടിവിറ്റിയുടെ ഗുണഫലങ്ങൾ സംസ്ഥാനത്തിന്റെ സമഗ്ര മേഖലയിലേയ്ക്കും വ്യാപിപ്പിക്കാനുള്ള പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിന് നിർദ്ദേശം നൽകുമോ; | (സി) | ഇന്റർനെറ്റ് കണക്ടിവിറ്റിയുടെ ഗുണഫലങ്ങൾ സംസ്ഥാനത്തിന്റെ സമഗ്ര മേഖലയിലേയ്ക്കും വ്യാപിപ്പിക്കാനുള്ള നടപടിയുടെ ഭാഗമായി സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന കുടുംബങ്ങൾക്ക് നൽകുന്ന സൗജന്യ കണക്ഷനുകൾ ഉൾപ്പെടെ ആകെ ഒരു ലക്ഷം കണക്ഷനുകൾ ഓരോ ആറു മാസവും നൽകാനുള്ള നിർദേശം നൽകിയിട്ടുണ്ട്. ആദ്യം അപേക്ഷിക്കുന്നവർക്ക് ആദ്യം എന്ന രീതിയിൽ കണക്ഷൻ നൽകാനാണ് ഉദ്ദേശിക്കുന്നത്. നിലവിൽ കെ-ഫോൺ സേവനങ്ങൾ ലഭ്യമായിട്ടുള്ള പ്രദേശങ്ങളിലാണ് വേഗത്തിൽ കണക്ഷൻ നല്കാൻ സാധിക്കുക. |
| (ഡി) | കെ-ഫോൺ പദ്ധതിയെ അനുമോദിക്കുന്നതിനും മാതൃകയാക്കുന്നതിനും ഏതെല്ലാം മേഖലകളിൽ | (ഡി) | കെ-ഫോൺ പദ്ധതിയെപ്പറ്റി പഠിക്കാനും മാതൃകയാക്കുന്നതിനും തമിഴ്നാട്, തെലങ്കാന, |

| | | | |
|---|---|---|---|
| | നിന്നുള്ളവരാണ് സംസ്ഥാനത്ത് എത്തിച്ചേർന്നിട്ടുള്ളതെന്ന് അറിയിക്കാമോ? | | സിക്കിം എന്നീ സംസ്ഥാനങ്ങളിൽ നിന്നുള്ള പ്രതിനിധികളാണ് ഇതുവരെ സംസ്ഥാനത്ത് വന്നത്. കെ-ഫോൺ ആസ്ഥാനം, നെറ്റ് വർക്ക് ഓപ്പറേറ്റിങ്ങ് സെന്റർ, കണക്ഷൻ നൽകിയിരിക്കുന്ന സർക്കാർ ഓഫീസുകൾ എന്നിവിടങ്ങളിലും, വാണിജ്യ ഉപഭോക്താക്കൾ, സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന ഉപഭോക്താക്കൾ എന്നിവരെയും നേരിട്ട് സന്ദർശിച്ച പ്രതിനിധികൾ കെ-ഫോൺ പ്രവർത്തനം, ഇന്റർനെറ്റ് കണക്ടിവിറ്റിയുടെ ഗുണഫലങ്ങൾ എന്നിവ നേരിട്ട് മനസിലാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ